ഗസ്റ്റ് എഡിറ്റോറിയൽ

# ലൈംഗികതയെ ധൈര്യപൂർവ്വം അഭിമുഖീകരിക്കുക

**ഒരുപാട്** സാമൂഹ്യ നവോത്ഥാന രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ഉഴുതുമറിച്ച മണ്ണാണ് കേരളത്തിന്റേത്. അതിന്റെ ഭാഗമായി എത്രയോ പരിവർത്തനങ്ങൾ. പല മേഖലകളിലും കേരളമാണ് ഇന്ന് ഇന്ത്യക്കു മാതൃക. രാജ്യത്തെ പല മേഖലകളിലും പ്രകടമായി തന്നെ ജാതീയമായ അയിത്തവും വിവേചനവും നിലനിൽക്കുമ്പോൾ നാമതിനെ മറികടന്നു. പരോക്ഷമായി നിരവധി പ്രശ്നങ്ങൾ ഇന്നും ബാക്കി നില്ക്കുന്നുണ്ട് എന്നതിൽ സംശയമില്ല. പഴയ പ്രസ്ഥാനങ്ങൾ ആ ദിശയിലുള്ള കടമകൾ കയ്യൊഴിയുകയും പുതിയ പ്രസ്ഥാനങ്ങൾ ശക്തിപ്പെടാതിരിക്കുകയും ചെയ്യുമ്പോൾ സാമൂഹ്യവിപ്ലവത്തിന്റെ നിരവധി കടമകൾ പൂർത്തീകരിക്കപ്പെടാതെ പോകുന്നു.

അതേസമയം കേരളം ഇന്ത്യയിലെ പിന്നോക്ക സംസ്ഥാനങ്ങളുടെ നിലവാരത്തിൽനിന്നുപോലും ഏറെ പുറകിലായ ചില വിഷയങ്ങളുണ്ട്. അതിൽ ഏറ്റവും പ്രധാനമാണ് ലൈംഗികതയും ലിംഗനീതിയും മറ്റും. ഇക്കാര്യത്തിൽ പ്രകടമായി തന്നെ കപടരാണ് നാം. ഒരു വശത്ത് സദാചാരവാദം കൊടികുത്തി വാഴുന്നു. പാതിവ്രത്യം, ചാരിത്ര്യം പോലുള്ള സങ്കല്പങ്ങൾ സ്ത്രീകളുടെ ലൈംഗികതക്കു മൂക്കുകയറിടുന്നു. നേഴ്സറി വിദ്യാർത്ഥികളെ പോലും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേക സ്കൂളുകളുണ്ടാക്കി നാം വേർതിരിക്കുന്നു. എഞ്ചിനീയറിംഗ്, മെഡിക്കൽ എൻട്രൻസ് കോച്ചിംഗ് സെന്റുകളിൽപോലും പരസ്പര മിണങ്ങാൻ പാടില്ലാത്ത അവസ്ഥയിലേക്ക് ഇതു വളരുന്നു. ഈ ആധുനിക കാലത്തും ഒരു സീറ്റിലിരുന്ന് യാത്രചെയ്യാനാകാത്ത അവസ്ഥ.

മത സാമുദായിക ശക്തികൾ ലൈംഗികതയിലെ നിയന്ത്രണം കൂടുതൽ കർക്കശമാക്കുന്നു. നേരത്തെ അതില്ലാതിരുന്ന വിഭാഗങ്ങളിലേക്കും വിലക്കുകൾ വ്യാപിക്കുന്നു. വിലക്കപ്പെട്ട കനിയാണ് ലൈംഗികതയെന്ന ബോധം പ്രചരിപ്പിക്കാൻ എല്ലാവരും മത്സരിക്കുന്നു. രാഷ്ട്രീയ പാർട്ടികളും ഇതേ പാത സ്വീകരിക്കുന്നു. സ്വന്തം സഖാക്കളിൽപോലും ഒളിക്യാമറാ പ്രയോഗം നടത്തുന്നു. പുറത്തിറങ്ങാൻ സദാചാരപോലീസിനെ ഭയപ്പെടേണ്ട അവസ്ഥ സംജാതമായിരിക്കുന്നു. വ്യത്യസ്ഥ ലൈംഗിക സ്വഭാവമുള്ളവർക്ക് ജീവിക്കാനാവത്ത അവസ്ഥ സംജാതമായിരിക്കുന്നു.

മറുവശത്തോ, ആറുമാസം പ്രായമുള്ള കുഞ്ഞുമുതൽ എൺപതുവയസ്സുകാരി വരെ ക്രൂരമായി പീഢിപ്പിക്കപ്പെടുന്നു. പൊതുവീഥിയിൽ നടക്കാനുള്ള സ്വാതന്ത്ര്യം സ്ത്രീക്ക് നിഷേധിക്കപ്പെടുന്നു. ലൈംഗികമായി അസംതൃപ്തരായ ജനം തെരുവിൽ പരസ്പരം തുറിച്ചുനോക്കുന്നു. മറ്റുള്ളവരുടെ സ്വകാര്യജീവിതത്തിലേക്ക് ഒളിച്ചുനോക്കി ആനന്ദിക്കുന്നവരായി പ്രബുദ്ധ മലയാളി മാറിയിരിക്കുന്നു. സദാചാര പോലീസ് പോലും അതിന്റെ ഉല്പന്നമാണെന്ന സത്യം നാം മറച്ചുവെക്കുന്നു.

ഈ സാഹചര്യം ലൈംഗികതയെ സാമൂഹ്യജീവിതത്തിന്റെ പ്രധാന വിഷയമാക്കി മാറ്റിയിരിക്കുന്നു. ഇനിയും മുൻകാല പ്രസ്ഥാനങ്ങളും നേതാക്കളും ചെയ്തപോലെ ലൈംഗികതയെ അഭിമുഖീകരിക്കാതിരിക്കാനും ഒളിച്ചോടാനുമാണ് നാം ശ്രമിക്കുന്നതെങ്കിൽ കേരളം ലൈംഗിക കുറ്റവാളികളുടെ പറുദീസയായി മാറും എന്നതിൽ സംശയം വേണ്ട. ഒരു വശത്ത് എല്ലാം ഒളിച്ചുവെക്കുന്നു എന്നു നടിക്കുമ്പോഴും മലയാളിയുടെ സമകാലിക ജീവിതം ലൈംഗികത എന്ന ഒറ്റ കുറ്റിയിൽ കെട്ടിയിട്ട പശുവിന്റേതാണ്. അതുമാറിയേ തീരൂ. മറ്റു ശാരീരികവും മാനസികവുമായ ചെയ്തികളേയും വികാരങ്ങളേയും പോലെ ഒരു സാധാരണ സംഭവമായി ലൈംഗികതയും മാറണം. അതിനുള്ള ഏകമാർഗ്ഗം ഈ വിഷയത്തെ ധൈര്യപൂർവ്വം അഭിമുഖീകരിക്കലാണ്. അതിനുള്ള ഒരു ചെറിയ ശ്രമമാണ് കേരളീയത്തിന്റെ ഈ രതിപ്പ്. വരും ലക്കത്തിലും ഈ ചർച്ചകൾ തുടരും. ആരോഗ്യകരമായ ലൈംഗികത നിലനിൽക്കുന്ന ഒരു സമൂഹത്തിനുമാത്രമേ ഒരടി പോലും മുന്നോട്ടുപോകാൻ കഴിയൂ. ആ ദിശയിലെ ഒരു ചെറിയ ശ്രമമായി ഈ സംരംഭത്തെ കണക്കാക്കിയാൽ മതി.

**ഐ. ഗോപിനാഥ്**
അതിഥി പത്രാധിപർ